# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.688 — 27.04.2017-ൽ മറുപടിയ്ക്ക്

**ഒട്ടവിൽ ഉണ്ണികൃഷ്ണൻ സ്മാരകമന്ദിരം**

**ചോദ്യം** — **ഉത്തരം**

ശ്രീ.കെ.വി.വിജയദാസ്

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് കേരളശ്ശേരിയിലുള്ള 'ഒട്ടവിൽ ഉണ്ണികൃഷ്ണൻ സ്മാരക മന്ദിര'ത്തിന് അനുവദിച്ച 25 ലക്ഷം രൂപയ്ക്ക് പുറമെ ആയതിന്റെ പണി പൂർത്തീകരിക്കുന്നതിനായി 25 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ നൽകിയ കത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദവിവരം നൽകുമോ?

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പാലക്കാട് കേരളശ്ശേരിയിലുള്ള 'ഒട്ടവിൽ ഉണ്ണികൃഷ്ണൻ സ്മാരകം' നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം നിർമ്മിതികേന്ദ്രം തയ്യാറാക്കിയ 1.21 കോടി രൂപയുടെ എസ്റ്റിമേറ്റ് പാലക്കാട് ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു. മേൽ പദ്ധതിക്ക് ഒട്ടവിൽ ഉണ്ണികൃഷ്ണൻ ഫൗണ്ടേഷന്റെ കൈവശം ഭൂമി ലഭ്യമാണോ എന്നത് സംബന്ധിച്ചും, 25 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഒരു എസ്റ്റിമേറ്റ് ലഭ്യമാക്കാനും ജില്ലാ കളക്ടർക്ക് 01.02.2017-ൽ നിർദ്ദേശം നൽകി. ആയതിന്റെ മറുപടി സർക്കാരിൽ ലഭ്യമാക്കുന്നത് 29.03.2017-ൽ മാത്രമാണ്.

എന്നാൽ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക ഒട്ടവിൽ ഉണ്ണികൃഷ്ണൻ ഫൗണ്ടേഷന് നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമായതിനാൽ 23.03.2017-ലെ സ.ഉ(സാധാ)206/2017/സി.എൽ.എ.ഡി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും, 29.03.2017 ന് ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭിച്ച ഉടൻ തന്നെ 31.03.2017-ലെ സ.ഉ(സാധാ)നം.280/2017/സി.എൽ.എ.ഡി ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാകളക്ടർക്ക് ബജറ്റ് പ്രഖ്യാപനം പ്രകാരമുള്ള 25 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ഒട്ടവിൽ ഉണ്ണികൃഷ്ണൻ സ്മാരകത്തിനായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ കൂടാതെ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന ബഹു.എം.എൽ.എ ശ്രീ.കെ.വി.വിജയദാസിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. 31.03.2017-ലെ സ.ഉ(സാധാ) നം.280/2017/സി.എൽ.എ.ഡി ഉത്തരവ് പ്രകാരം അനുവദിച്ച 25 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് പാലക്കാട് ജില്ലാകളക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങിയ ശേഷം അധിക തുക അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ